ASSUMPTION HIGH SCHOOL PALAMPRA

# THE DIGITAL DREAMER

2023-2024

EDITORS:
HAYOONA RASHEED
MERITTA MANJESH

# ആശംസ

'സ്വപ്നങ്ങൾ നിന്നെ നയിക്കട്ടെ'



തുറന്ന മിഴികളോടെ സ്വപ്നം കാണാൻ പുതുതലമുറയോട് ആഹ്വാനം ചെയ്തത് ഡോക്ടർ എപിജെ അബ്ദുൽ കലാം ആണ്. അസംപ്ഷൻ ഹൈസ്കൂൾ വിഭാഗം 'ലിറ്റിൽ കൈറ്റ്സ്' ഒത്തൊരുമയോടെ കണ്ട സ്വപ്നത്തിന്റെ സാക്ഷാത്കാരമാണ് 'ദി ഡിജിറ്റൽ ഡ്രീമർ'.

നിങ്ങളുടെ സർഗ്ഗവാസനകൾ ഡിജിറ്റൽ ഡ്രീമർ ആയി മാറിയത് പോലെ,
ധാരാളം വർണ്ണങ്ങൾ നിങ്ങളുടെ ജീവിത സ്വപ്നങ്ങൾക്ക് ഉണ്ടായിരിക്കട്ടെ.
ഓജസും തേജസ്സും നിങ്ങളുടെ സ്വപ്നങ്ങൾക്ക് ജീവൻ നൽകട്ടെ.
ശുദ്ധതയുടെയും നൈർമല്യത്തിന്റെയും സുഗന്ധം നിങ്ങളുടെ സ്വപ്നങ്ങളെ മനോഹരമാക്കട്ടെ. കഠിനാധ്വാനത്തിന്റെ മുഖം നിങ്ങളുടെ സ്വപ്നങ്ങൾക്ക് അഴക് നൽകട്ടെ. അത് നിങ്ങളെ ജീവിത വിജയത്തിലേക്ക് നയിക്കും തീർച്ച.

ഈ ഡിജിറ്റൽ മാഗസിൻറെ പൂർത്തികരണത്തിനായി പ്രവർത്തിച്ച അസംപ്ഷനിലെ സ്വപ്ന താരകങ്ങൾക്ക് അഭിനന്ദനങ്ങൾ..

സ്നേഹപൂർവ്വം
Fr. Geo Kannankulam
Manager



നമ്മുടെ സ്കൂളിലെ ലിറ്റിൽ കൈറ്റ്സ് അംഗങ്ങളുടെ സാഹിത്യ സൃഷ്ടികൾ ഉൾപ്പെടുത്തികൊണ്ട് ഒരു ഡിജിറ്റൽ മാഗസിൻ തയാറാക്കുന്നതിൽ അതിയായ സന്തോഷം. അറിവിനോടൊപ്പം നിങ്ങളുടെ സാഹിത്യ അഭിരുചികളും ചിറകു വിടർത്തട്ടെ.......

സ്നേഹപൂർവ്വം
ഷിനോജ് സർ
ഹെഡ്മാസ്റ്റർ
AHS പാലമ്പ്ര

# CONTENTS


| NO. | SUBJECTS | PAGE NO. |
|---|---|---|
| 1. | Magical Mirror | 6 |
| 2. | Sundhara Keralam | 7 |
| 3. | Merit Day | 8 |
| 4. | Jivanulla Pava | 9 |
| 5. | Winners Of Rajyapuraskar | 10 |
| 6. | Mazhanoolkinavukal | 11 |
| 7. | Different Activities AHS | 12 |
| 8. | Air pollution | 13 |
| 9. | Annual Day | 14 |
| 10. | Air Pollution Causes | 15 |
| 11. | Dream | 16 |
| 12. | Puzha | 17 |
| 13. | Thanks | 18 |

# Magical mirror

There was a king in a country called California. That king has reached marriageable age. He said this to his grantmother.

Grantmother Said With a well-functioning girl Only your wedding will be done .

So the king made a challange. He set a magical mirror. When bad girls look on that mirror Black spots on mirror will appear and when good girls look on that there will be no problem on the mirror and king said whoever participate in this if they lose I will kill them

To hearing this the girls of that country being afraid to take this challange .

But one girl from nearby country came and look on that mirror every one where afraid because if she lose the challange she will be killed by the king

But surprisingly no black spots where on that mirror . every one curiouslly looked her

The king asked Why are you not afraid? To looking on that mirror others all where afraid.

She said that : You are a kindful man

You won't kill anyone without any reason so I looked on it with out fear

And There is no one in this world who does not make mistakes

We must never fall into fear when we didn't do any mistakes

We Must have our mind power

Anzil P Shanavas

## സുന്ദര കേരളം

ചറ പറപയെന്നന്നു പറഞ്ഞി കാറ്റും പാടി
വരുന്നൊരു നാട്ടുണ്ടേ,
കളകളമിളകുമോരരുവിയുടെയുടമയായ ഒരു
കൊച്ചു നാട്ടുണ്ടേ,
മാമലകൾക്കപ്പുറത്ത് മരതകപട്ടുടുത്ത്
കേരളമെന്നൊരു നാട്ടുണ്ടേ..
കാട്ടും മേട്ടും പുൽകുന്നും ചേരുന്ന
പ്രകൃതിയുടെ സ്വന്തം നാട്ടുണ്ടേ...
പഴമൊഴിയും, കളിച്ചിരിയും, ചേർന്നൊരു
നാടാണ് കേരളം എന്ന പലർ പറഞ്ഞു
ദൈവത്തിന്റെ സ്വന്തം നാടായ കേരളം
സൗന്ദര്യ റാണി യാണെന്നടക്കം തീർക്കല്ല്
തീർക്കല്ല് സൗന്ദര്യമെന്നത്
പറയുവാനാളില്ല എന്നടക്കം.....

Maheshwar S Pillai

# MERIT DAY



## ജീവനുള്ള പാവ

പണ്ടൊരു നദിയുടെ ഒരു കരയിൽ നിന്ന് മറ്റൊരു കരയിലേക്ക് ഉളിയന്നൂർ എന്ന ഗ്രാമത്തിൽ ഒരു പാലമുണ്ടായിരുന്നു. പക്ഷേ ഈ പാലത്തിന് കൈവരികളില്ല .ഒരു ദിവസം പെരുന്തചൻ ഈ പാലം കടക്കാനിടയായി. പെരുന്തചൻ മറ്റുള്ളവരെ ഒന്നു കുഴപ്പത്തിലാക്കി സന്തോഷം കണ്ടെത്തുന്ന ഒരു രീതിയുടെ പക്ഷത്താണ്. ആയതിനാൽ പെരുന്തച്ചൻ അവിടെ ഒരു ജീവനുള്ള പാവയെ കൊത്തിവെച്ചു ആര് ഈ പാലത്തിലൂടെ വന്നാലും ഈ പാവ താഴെ ആറിൻ പോയി വായിൽ വെള്ളം നിറച്ചിട്ട് വരുന്നതെ തുപ്പും. ഇതുകൊണ്ട് ആരും ഈ പാലം ഉപയോഗിക്കാതായി. ഈ വിവരം പെരുന്തച്ചന്റെ മോൻ അറിഞ്ഞു എന്നാലതൊന്നു നോക്കണമെല്ലോ എന്നു കരുതി അവൻ അങ്ങോട്ടേക്ക് ചെന്നു നോക്കുമ്പോൾ പാവ അവനെ കണ്ട് വെള്ളം വായിൽ നിറക്കാൻ താഴെ പോയി.ഒറ്റനോട്ടത്തി തന്നെ തന്റെ അച്ഛന്റെ പണിയാണിതെന്ന് അവന് മനസ്സിലായി അവൻ പെട്ടന്നുതന്നെ വീട്ടിൽ ചെന്ന് മറ്റൊരു പാവയെ ഉണ്ടാക്കി എന്നിട്ട് അത് ഇതേ പാലത്തിന്റെ മറുവശത്ത് സ്ഥാപിച്ചു ആരെങ്കിലും അതു വഴി വന്നാൽ പെരുന്തച്ചന്റെ പാവ വെള്ളവുമായി വരും എന്നാൽ പെരുന്തച്ചന്റെ മകന്റെ പാവ വെറും കൈയ്യുമായി വന്ന് പെരുന്തച്ചന്റെ പാവയുടെ മുഖത്ത് ആഞ്ഞടിക്കും. അടിയുടെ ശക്തിയിൽ പെരുന്തച്ചന്റെ പാവയുടെ വായിലെ വെള്ളം തെറിച്ചു പോകും കൂടെ പാവയും. ഈ  വിവരം അറിഞ്ഞ പെരുന്തച്ചൻ മാനം പോയി. അങ്ങനെയാണ് നാട്ടുകാർ പെരുന്തച്ചനെ താഴ്ത്തി കെട്ടുവാനും പെരുന്തച്ചന്റെ മകനെ വാനോളം പുകഴ്ത്താനും തുടങ്ങി . ഇതിനാലൊക്കെ തന്നെയാണ് പെരുന്തച്ചൻ തന്റെ മോനെ ഉളി വീഴ്ത്തി കൊന്നത് എന്നാണ് ഐതീഹ്യം.

Nakul Mon

# ASSUMPTION HIGH SCHOOL
## PALAMPRA

# രാജ്യപുരസ്‌കാർ അവാർഡ്
## കരസ്ഥമാക്കിയ ചുണക്കുട്ടികൾ



## BHARATH SCOUT & GUIDES

"Be Prepared"

മഴനൂൽകിനാവുകൾ _______

മധുരമീ പുതുമഴ പുലരിയെ പുൽകുന്ന
പൂമഴ തേൻമഴ കുളിർ മഴയായ്.
കുന്നുകുന്നെയുതിരുന്ന തൂമഴ തുള്ളികൾ
തളിരിലും പൂവിലും മുത്തമിട്ടു
പൊള്ളുന്ന രാവിന്റെ നെറുകയിൽ ചിതറുന്ന
കുളിർമണിമുത്തുകൾക്കെന്തു ഭംഗി.
തൈമണിക്കറ്റിന്റെയൊപ്പമീപ്പൂക്കുന്ന
താഴ്‌വാരത്തോപ്പിലും കുളിർ ചൊരിഞ്ഞു.
പുഴതന്റെ മരവിച്ച കൈകളാൽ പുണരവെ
പുളകമായ്  മഴ വന്നു മനനിറഞ്ഞു
മഴയെന്റെ തളമായ് ഹൃത്തിലും മുഗ്ദ്ധമായി
പൊഴിയുന്ന കവിതയായി പെയ്തിറങ്ങി.

Rumaisa


# DIFFERENT ACTIVITIES
# AHS



















I

വായു മലിനീകാരണം

വായ, ജലം, മണ്ണ് എന്നിവയുടെ വർദ്ധിച്ചു വരുന്ന മലിനീകാരണാ ത്താൽ ഭൂമിയും അതി ന്റെ പരിസ്ഥിതിയും ഗുരുതാരമായ ഭീഷണി നേരിടുന്നു. വിഭാവങ്ങളുടെ അനുചിതമായ പരിപാലനം അല്ലെങ്കിൽ അശ്രദ്ധാമായ മനുഷ്യ പ്രവർത്തനങ്ങൾ മൂലമാണ് പരിസ്ഥിതിക്ക് നാശം സംഭവിക്കുന്നത്. അതിനാൽ പ്രകൃതിയുടെ യഥാർത്ഥ സ്വഭാവത്തെ ലംഘിന്നുകയും അതിന്റെ നാശത്തിലെക്ക് നയിക്കുകയും ചെയ്യുന്ന ഏതൊരു പ്രവർത്തനത്തെയും, മലിനീകരണത്തിന്റെ ഉറവിടങ്ങൾ മനസ്സിലാക്കുകയും മലിനീകാരണം നിയന്ത്രിക്കാനുള്ള വഴികൾ കണ്ടെത്തുകയും വേണം. മലിനീകാരണത്തിന്റെ ദൂഷ്യഫലങ്ങളെക്കുറിച്ച് ജനങ്ങളെ ബോധവാന്മാരാക്കുന്നതിനെക്കുന്നതിലൂടെയും ഇത് ചെയ്യാം. വായു മലിനീകരണത്തിന്റെ കാരണങ്ങൾ ഫോസിൽ ഇന്ധനവും, വിറകും കത്തിക്കുന്നത്, ഫാക്ടറികളിൽ നിന്ന് പുറത്തുവരുന്ന പുക, കട്ടുതീ ക്ലോറോഫ്ലൂറോ കാർബൺ തുടങ്ങിയവയാണ് .

അന്തരീക്ഷ മലിനീകരണം അളുകളുടെ അരോഗ്യത്തെ വളരെയാധികം ദോഷകരമായി ബാധിക്കുന്നു .മനുഷ്യരിൽ പല ചർമ്മ ങ്ങളക്കും ശ്വാസകോശ സംബന്ധമായ തകരാറുകളക്കും ഇത് കാരണമാകുന്നു. കൂടാതെ, ഇത് ഹൃദ്രോഗത്തിനും, ആസ്ത്മ, ബ്രോങ്കൈറ്റിസ്, മറ്റ് പല രോഗങ്ങൾക്കും കാരണമാകുന്നു.

Benitta M Bino

# ANNUAL DAY



വായു മലിനീകരണം :

ശുദ്ധമായ വായു തന്നെയാണ് ജീവന്റെ ആധാരം. വായു ഇല്ലാതെ ഭൂമിയിലെ ഒരു ജീവിക്കും അതിജീവനം സാധ്യമല്ല. വായുവിന്റെ പ്രാധാന്യത്തെ കുറിച്ച് ഇത്രയൊക്കെ നമുക്ക് അറിയാമായിരുന്നിട്ടും വായു മലിനീകരണം മൂലം മരണങ്ങൾ കൂടി കൂടി വരികയാണ്.ശുദ്ധമായ വായു ശ്വസിക്കാൻ കഴിഞ്ഞില്ലെങ്കിൽ ശാരീരിക പ്രവർത്തനങ്ങൾ അവതാളത്തിലാകും. മാത്രമല്ല മലിനമായ വായു ശ്വസി ക്കുന്നതിലൂടെ  നിരവധി ആരോഗ്യപ്രശ്നങ്ങളും ഉണ്ടാകാം. ഓരോ ജീവന്റെയും നിലനിൽപിന് തന്നെ ശുദ്ധമായ വായുവിന്റെ ആവിശ്യകത വളരെ വലുതാണ്. ഇങ്ങനെയുള്ള അവസരങ്ങളിൽ വായു, മണ്ണ്, ജലം, തുടങ്ങിയ അടിസ്ഥാന ഘടകങ്ങളെ എല്ലാം നാം സംരക്ഷിക്കണം. എങ്കിൽ മാത്രമേ ഭൂമിയിലെ ജീവജാലങ്ങൾക്കും മനുഷ്യർക്കും ഇനിയൊരു നിലനിൽപ് ഉണ്ടാവുകയുള്ളൂ. അന്തരീക്ഷ മലിനീക്ഷണം മൂലമുണ്ടാക്കുന്ന രോഗങ്ങൾ തടയാൻ പുകവലി ഉപേക്ഷിക്കുക, വീട്ടിൽ  മരങ്ങൾ നട്ടുപിടിപ്പിക്കുക... ഇങ്ങനെ ചെയ്താൽ നമ്മുക്ക് ശുദ്ധമായ വായു ശ്വസിക്കാം രോഗങ്ങളെ അകറ്റാം...

Soniya Sunny

സ്വപ്നം

സ്വപ്നങ്ങളുടെ  ഭാണ്ഡക്കെട്ടഴിച്ചപ്പോൾ,
എനിക്കൊരു പൊൻതൂവൽ കൈയ്യിലുടക്കി;
എന്നോ നെയ്ത് കൂട്ടിയ സ്വപ്നം –
ഇന്നുമൊരു പൊൻതൂവലായി,
പ്രഭ ചൊരിയാതെ നിലകൊള്ളുന്നു.
സ്വപ്നമേ! നിന്നെയാരും കാണാതെ ;
ആ ഭാണ്ഡക്കെട്ടിനുള്ളിൽ വീണ്ടുമൊളിപ്പിച്ചോട്ടേ?
ഇനിയുമതേ പ്രൗഢിയിൽ നിലനിൽക്കാൻ

Nadhiya Nisam

പുഴ

ചില നേരമിങ്ങനെ
ഏറെ നിശബ്ദമായ്
പുലരിയെ കണ്ണട-
ച്ചേറ്റുവാങ്ങീടണം.

ചില നേരമാ ഗാഢ
മൗനവും, നീലിച്ച
നിലാവിൻ്റെ പൂക്കളും
ചേർത്തുവച്ചീടണം.

അതുപോൽ നിരർത്ഥക-
മെങ്കിലും ക്രൂരിരുൾ
കുത്തിയൊലിച്ചുപോയ്
മടുക്കാതിപ്പുഴ!

Nandhana Shaji

THANKS...